Item Code: 956 Participant Code: 109

## ചുവപ്പ്, കട്ടപിടിക്കുമ്പോൾ.....

വലിയ മുലകളുള്ള പെണ്ണുങ്ങളെ കണ്ടിട്ടുണ്ടോ?
മണ്ണെടുപ്പു കഴിഞ്ഞ രണ്ടു കുന്നുകളും പേറി
ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ അവർ ഇപ്പോഴും,
ഇടവഴികൾ താണ്ടുകയായിരിക്കും.
അഴിച്ചിട്ട മുടിയിഴണ്ണലുകളിലെ
കട്ടപിടിച്ച കരിതേച്ച പകലിനെ
മറികടക്കാൻ അവർക്ക് ആ വെളിച്ചം
തികയുമായിരുന്നില്ല.

ഇറയത്തെ,
ഒഴിഞ്ഞ മൂലകളിലെ...
അർത്തവച്ചാലിൽ ഒട്ടിപിടിച്ചൊരു
കാളവാർധക്യങ്ങളുടെ നിലവിളികൾ......

ഉടലുരുണ്ട്,
വിരലുകൾ നീണ്ട്....
കവിളുകളൊട്ടിയ മനുഷ്യർ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 956 Participant Code: 109

തിണറുകളില്ലാത്ത കണ്ണിൽ നിന്നും
മെല്ലെ മെലിഞ്ഞിറങ്ങിക്കൊണ്ടിരുന്നു.
ഹവ്വയുടെ വാരിയെല്ലിൽ നിന്നും.....
കടലാഴങ്ങളിൽ പിന്നെയും....
പുതിയൊരു മനുഷ്യന്റെ പിറവിയെടുപ്പ്...
അവന്റെ ചിരിക്ക് കടല്തോൽക്കുന്ന ആഴം....

അർത്ഥവച്ചാലുകളിൽ നിന്നും നിറമെടുത്ത്
അയാളൊരു 'രണ്ടാം' വാൻഗോഗായി
പരിണമിക്കുന്നു.
വെയിൽവറ്റിയ നട്ടുച്ചകളിൽ,
ഇടിഞ്ഞുപോകാനായ കുന്നിൽ
അയാൾ സ്വയമൊരു വെളിച്ചമാകുന്നു.

പെയ്തുതീരാത്ത ഇരുട്ടിൽ,
പുഴുത്തുനാറിയ രാത്രിയിലേക്ക്
"ആ മനുഷ്യൻ" തന്റെ രാത്രികൂർപ്പിച്ച
തേറ്റകളമർത്തുന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

Item Code: 956 Participant Code: 109

വേമ്പിലത്താളിന്റെ പച്ചയും,
ഒരു കീറ് ആകാശവും
നെഞ്ചിൽ കെട്ടിതൂക്കി,
ഇടമുറിയാത്ത വഴികളിലൂടെ
അയാൾ പുതിയ വഴി തേടി നടക്കുന്നു.
മനുഷ്യനായി....
പുതിയ മനുഷ്യനായി....

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)